## നിയമനിർമ്മാണ കാര്യം

### 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം- വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

**ചർച്ച**

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 2024 -ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 21-10-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>മി.സ്പീക്കർ</u>: ബില്ലിൽ സമയപരിധിയില്ല. എങ്കിലും കൃത്യത പാലിക്കണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വന്യൂ റിക്കവറി കേസുകൾ സ്റ്റേ ചെയ്യുന്നതിനും അനുവദിക്കുന്നതിനും കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനും പലിശ പന്ത്രണ്ട് ശതമാനത്തിൽനിന്ന് ഒൻപത് ശതമാനമാക്കുന്നതിനും അതോടൊപ്പം ബോട്ട്-ഇൻ-ലാൻഡ് ആയി എടുക്കുന്ന വസ്തു നികുതി തിരികെ നൽകുന്നതിനും കൊണ്ടുവരുന്ന ഈ ബിൽ പൊതുവേ സ്വാഗതാർഹമാണ്. എന്നിരുന്നാലും അതിൽ ഒരുപാട് മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന തോന്നലാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. നിലവിൽ ഏറെ ജപ്തി നടപടികളും സർഫാസി കേന്ദ്ര ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ബാങ്കുകൾ സർഫാസിക്ക്

കൈമാറിയ കേസുകളിൽ ഒഴിയാത്ത പ്രാരാബ്ധങ്ങളുടെ കെണിയിൽപ്പെട്ട് കുടിശ്ശികയാകുകയും അത് ഒടുവിൽ ജപ്തിയിൽ എത്തുകയും ചെയ്യുന്ന കുടിശ്ശികക്കാരന് ആശ്വാസം ലഭിക്കുംവിധം എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന രീതിയിൽ പരിശോധിക്കേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ്. അടുത്ത കാലത്തായി ഇവിടെ പാസ്സാക്കിയ പല ബില്ലുകളിലും ഇതുപോലുള്ള കുടിശ്ശികകൾ റവന്യൂ റിക്കവറി എന്ന പോലെത്തന്നെ ഈടാക്കുന്നതും എന്നാൽ ഇതിൽ ഈ വ്യവസ്ഥ കൂടെ ഉൾപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരമാണ് കൂടുതൽ ചുമതലകൾ റവന്യൂ വകുപ്പിലേയ്ക്ക് എത്തിച്ചേരുന്നത്. നടപടികൾ സമയബന്ധിതമായി നടപ്പാക്കിയാൽ മതിയായ സൗകര്യങ്ങൾകൂടി അനുവദിക്കേണ്ടതുണ്ട്. കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള റവന്യൂ റിക്കവറി നടപടികൾ പതിനഞ്ച് മുതൽ ഇരുപത് വർഷങ്ങളായി പെന്റിംഗിലാണ്. ഇത് മോണിറ്റർ ചെയ്യപ്പെടുന്നതേയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിലൂടെ ഗണ്യമായ വരുമാന നഷ്ടം സർക്കാരിന് ഉണ്ടാകുന്നത് പരിഹരിക്കേണ്ടതുമാണ്. ചില കേസുകളിൽ കുടിശ്ശികക്കാരൻ വീഴ്ച വരുത്തിയ തുകയിൽ പലിശയും പിഴപ്പലിശയും മറ്റ് ചാർജ്ജുകളും കൂടുമ്പോൾ

മുതലിനേക്കാൾ അധികരിച്ചുവരാൻ സാധ്യതയുണ്ട്. പലിശയും പിഴപ്പലിശയും മറ്റ് ചാർജ്ജുകളും കൂടിച്ചേർന്നുവരുന്ന തുക മുതലിനേക്കാൾ അധികരിക്കാൻ പാടില്ല എന്ന ഒരു നിലപാട് ഇതിന്റെ ഭാഗമായി സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം ബോട്ട്-ഇൻ-ലാന്റായി സർക്കാർ കൈവശം വച്ചിരിക്കുന്നത് അല്ലെങ്കിൽ 71-ാം വകുപ്പ് പ്രകാരം നോട്ടിഫൈ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ, കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ വായ്പ എടുത്ത വ്യക്തി 5 വർഷത്തിനുള്ളിൽ മരണപ്പെട്ടാൽ ടിയാന്റെ അവകാശികൾക്ക് ടി വസ്തു നിയമാനുസൃതം തിരികെ ലഭിക്കാനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാനും നടപടി സ്വീകരിക്കാൻ കഴിയുമോയെന്നതും പരിശോധിക്കണം. അതോടൊപ്പം തന്നെ ഗവൺമെന്റ് വിജ്ഞാപനം ചെയ്ത് തുക നിശ്ചയിക്കുന്നത് ഒരുപക്ഷെ പത്ത് പതിനഞ്ച് കൊല്ലം മുമ്പായിരിക്കും വായ്പയ്ക്ക് എടുത്തിട്ടുണ്ടായിരിക്കുന്നത്. അത് ഒരു രൂപ കൂട്ടി ഗവൺമെന്റിലേയ്ക്ക് എടുക്കാനുള്ള ഒരു സൗകര്യം നൽകുമ്പോൾ ഉടമസ്ഥന് ഇന്നത്തെ വിലയ്ക്കനുസരിച്ച് ഒരുപാട് നഷ്ടം ഉണ്ടാകുന്ന സ്ഥിതിവിശേഷമുണ്ടാകും.

ഉടമസ്ഥനതന്നെ അതിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയുമോയെന്നതും ഇതിന്റെ ഭാഗമായി പരിശോധിക്കാവുന്നതാണ്.

ബില്ലിന്റെ വകുപ്പ് 50 എ-യിൽ - ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ സ്ഥാപനം ഏറ്റെടുക്കുകയും വസ്തുവിന്മേലുള്ള കുടിശ്ശിക പൂർണ്ണമായും അഞ്ചുവർഷത്തിനുള്ളിൽ അയാൾക്ക് ഒടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അയാൾ അപേക്ഷിക്കുന്ന പക്ഷം ടി കാലയളവിനുള്ളിൽ അയാൾ ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി വസ്തു മടക്കി നൽകുവാൻകൂടി വ്യവസ്ഥ ഉണ്ടായാൽ സാധാരണക്കാരന് ഗുണം ചെയ്യും. അത് ബില്ലിൽ പറഞ്ഞിട്ടില്ല.

5 (3) പ്രകാരം സർക്കാർ ഇതര വകുപ്പുകൾക്ക് അതായത് വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്ത സ്ഥാപനങ്ങൾക്ക് ആർ.ആർ. നടപടികൾ ആരംഭിച്ചതിനുശേഷം ആ സ്ഥാപനവുമായി കുടിശ്ശികക്കാരൻ നേരിട്ട് ബന്ധപ്പെട്ട് കുടിശ്ശിക അടച്ചാൽ കുടിശ്ശികയുടെ ഒരുശതമാനം മാത്രമാണ് സർവ്വീസ് ചാർജ്ജായി ഈടാക്കിവരുന്നത്. എന്നാൽ സർക്കാർ സ്ഥാപനങ്ങൾ അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് 7.5 ശതമാനവും അഞ്ചുലക്ഷം രൂപ

വരെയുള്ള കുടിശ്ശികയ്ക്ക് അഞ്ച് ശതമാനവും സർവ്വീസ് ചാർജ് ഈടാക്കിവരുന്നു എന്നാണ് ഇതിൽ പറയുന്നത്. സർക്കാർ ഇതര സ്ഥാപനങ്ങൾ ഈടാക്കുന്നതുപ്രകാരം സർക്കാർ വകുപ്പുകളും സർവ്വീസ് ചാർജ് ഒരു ശതമാനമായി കുറച്ചാൽ കുടിശ്ശികകാർക്ക് ഏറെ ആശ്വാസകരമാകുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് പറയുകയാണ്. നിലവിൽ സെയിൽസ് ടാക്സ് വകുപ്പിൽ ആംനെസ്റ്റി സ്കീമിൽ കുടിശ്ശിക അടച്ചാൽ സർവ്വീസ് ചാർജ് ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ആർ.ആർ. കേസുകൾ കൂടി സർവ്വീസ് ചാർജ് കുറവ് വരുത്തിയാൽ സാധാരണക്കാർക്ക് അത് ഗുണം ചെയ്യുമെന്നതാണ് ഇതിന്റെ പ്രത്യേകതയെന്ന് ഞാൻ മനസ്സിലാക്കുന്നു. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വകുപ്പ് 6-ൽ പൊതുനികുതി കുടിശ്ശികയുള്ള പലിശ 12 ശതമാനത്തിൽനിന്നും 9 ശതമാനമായി കുറച്ചിരിക്കുന്നു. ആക്ടിലെ വകുപ്പ് 71-ൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനവും കുടിശ്ശികക്കാരനും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറിൽ പലിശനിരക്ക് എന്തുതന്നെ ആയാലും ആയത്

9 ശതമാനത്തെക്കാൾ അധികരിക്കാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാൽ അത് സാധാരണക്കാർക്ക് ഗുണം ലഭിക്കാവുന്ന ഒരു സ്ഥിതിവിശേഷം അതിന്റെ ഭാഗമായി ഉണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വകുപ്പ് 54-ൽ Confirmation of Sale-നെപ്പറ്റിയാണ്. ആർ.ഡി. ഓഫീസുകളിലും സബ്കളക്ടർ ഓഫീസുകളിലും വർഷങ്ങളായി പല ലേലങ്ങളുടെയും Confirmation pending ആണ്. നിശ്ചിത കാലയളവിൽ Confirmation നൽകണമെന്നുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നതിന് ഏറെ കാലവിളംബരം ഉണ്ടാകുന്നു. ആയതിനാൽ Confirmation നൽകുന്നതിന് ഒരു സമയപരിധികൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കും. ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് ഒറിജിനേറ്റ് ചെയ്യുന്ന റവന്യൂ ഒഴികെയുള്ള റവന്യൂ കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് 69 (2) പ്രകാരം form 24-ൽ ഒരു requisition forum-ഉം 69 (3) പ്രകാരം ഒരു റവന്യൂ റിക്കവറി സർട്ടിഫിക്കറ്റും നിലവിലുണ്ട്. അതുപോലെ പബ്ലിക് റവന്യൂ കാര്യത്തിൽ കുടിശ്ശികക്കാരൻ വേറൊരു ജില്ലയിലും അയാളുടെ

കുടിശ്ശിക മറ്റൊരു ജില്ലയിലും ആണെങ്കിൽ അതുപിരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് 69 (1) പ്രകാരം ഫോറം 23 പ്രകാരം Requisition forum-ഉം Certificate-ഉം കൊടുക്കാൻ ആവശ്യമായ നിയമം നിലവിലുണ്ട്. എന്നാൽ പബ്ലിക് റവന്യൂ കുടിശ്ശിക പിൻവലിക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നതോടെ തഹസീൽദാർ അതോറിറ്റിയായി Requisition കൊടുക്കുന്നത് other than public revenue-വിന്റെ ഫോറം 24-ലാണ്. ആകയാൽ അതിന് പ്രത്യേകം ഫോറം ഉണ്ടാക്കുന്നത് നല്ലതാകുമെന്നുകൂടി ഈ ബില്ലിന്റെ ഭാഗമായി പറയാൻ ആഗ്രഹിക്കുകയാണ്.

ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റുകാര്യങ്ങൾ പറയാനുള്ളത്, വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ട് ഓൺലൈനായും ഇ-ഓഫീസ് ആയും ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. അതിനാവശ്യമായ കമ്പ്യൂട്ടറുകളോ അനുബന്ധ സൗകര്യങ്ങളോ നിലവിലില്ലാത്ത സ്ഥിതി വിശേഷമുണ്ട്. അതുകൊണ്ടുതന്നെ ആ ഓഫീസിൽ അത് പ്രാവർത്തികമാക്കുന്നതിന് വളരെയേറെ കാലതാമസം എടുക്കുകയും അല്ലെങ്കിൽ നടക്കാതെ പോകുന്ന അവസ്ഥയുമുണ്ട്. അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അങ്ങ് തന്നെ എല്ലാ

എം.എൽ.എ.-മാരോടും വില്ലേജ് ഓഫീസുകളിൽ ആവശ്യമായ കമ്പ്യൂട്ടറുകൾ നൽകണമെന്ന് പറഞ്ഞിരുന്നു. കോട്ടയ്ക്കൽ മണ്ഡലത്തിൽ അത് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഒന്നു രണ്ടുകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. സാമ്പത്തികമായ പിരിവ് ലഭിക്കുന്നതിനും നൽകുന്നതിനും സ്ഥലത്തിന്റെ കാര്യത്തിലുമൊക്കെ ചെറുതും വലുതുമായ വില്ലേജുകളുണ്ടാവാം. ഉദാഹരണത്തിന്, വളാഞ്ചേരി കാട്ടിപ്പരുത്തി വില്ലേജ് 2019-ൽ പിരിച്ചെടുത്ത നികുതിയെന്ന് പറയുന്നത് അറുപത്തി ഒമ്പത് ലക്ഷമാണ്. 2023-ൽ അവിടെ നടന്ന പിരിവ് ഏകദേശം മൂന്നരകോടി രൂപയാണ്. 2019-ൽ അറുപത്തി ഒമ്പത് ലക്ഷവും 2023-ൽ മൂന്നരകോടി രൂപയുമായി മാറുമ്പോൾ അതിലെ വ്യത്യാസം നിങ്ങൾക്ക് പറഞ്ഞ് തരേണ്ട കാര്യമില്ല. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചുയെന്ന് പരിശോധിക്കേണ്ടതാണ്. ആ ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതുകൊണ്ടാണോ അതല്ല പിരിവെടുക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിട്ടോയെന്ന് പരിശോധിച്ച് കണ്ടെത്തേണ്ടതാണ്. അതിന്റെ ചുറ്റുപാട്തന്നെയുള്ള വളാഞ്ചേരി, കോട്ടക്കൽ, പെരിന്തൽമണ്ണ, മഞ്ചേരി, തിരൂരങ്ങാടി, ചെമ്മാട് അങ്ങനെ

മറ്റുസ്ഥലങ്ങളിലൊക്കെ ഉണ്ടാകാം. അവിടങ്ങളിലൊക്കെ ഇതുമായി ബന്ധപ്പെട്ട് നികുതികൾ പിരിച്ചെടുക്കാനും ആവശ്യമായ നിലപാടുകൾ സ്വീകരിക്കാനും കഴിയും. അതിനാവശ്യമായ തരത്തിൽ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത ആരായേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ ഈ വരുമാനം കൂട്ടുമ്പോൾ ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായങ്ങളൊന്നും ചെയ്യുന്നില്ല. അറുപത്തി ഒമ്പതുലക്ഷം രൂപയിൽനിന്നും മൂന്നരകോടി രൂപയായി മാറിയത് ചിലപ്പോൾ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതകൊണ്ടാവാം. മറ്റുപലയിടങ്ങളിലും ഉദ്യോഗസ്ഥരുടെ ആത്മാർത്ഥത കുറവുകൊണ്ടുമാകാം. ഇങ്ങനെ പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് ഒരു ഇൻസെന്റീവായി എന്തെങ്കിലും നൽകുകയോ ഓഫീസിനുവേണ്ടിയോ അല്ലെങ്കിൽ ഉദ്യോഗസ്ഥർക്ക് ഉപയോഗപ്പെടുത്താൻ വേണ്ടിയോ അല്ലെങ്കിൽ ഓഫീസിൽതന്നെ അനുബന്ധ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയോ സൗകര്യപ്രദമായ രൂപത്തിൽ ഇൻസെന്റീവ് നൽകിയാൽ, അതിന് ആവശ്യമായ സഹായം നൽകിയാൽ ആ ഉദ്യോഗസ്ഥർക്ക് അത് പിരിച്ചെടുക്കാനും മറ്റുകാര്യങ്ങൾ വളരെ ദ്രുതഗതിയിൽ

ചെയ്യാനുമൊക്കെ അവരെ പ്രേരിപ്പിക്കും അല്ലെങ്കിൽ താൽപര്യമുണ്ടാക്കും. ലഭിക്കുന്ന തുകയിൽനിന്നും അരശതമാനമെങ്കിലും ഇൻസെന്റീവായി ഉദ്യോഗസ്ഥർക്ക് നൽകിയാൽ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്.

മറ്റൊരു കാര്യം തരംമാറ്റലുമായി ബന്ധപ്പെട്ടുകൊണ്ടാണ് പറയാനുള്ളത്. അക്കാര്യത്തിൽ വളരെ pending ഉണ്ടെന്ന് താങ്കൾക്കും അറിയാം. റവന്യൂ ഡിപ്പാർട്ട്മെന്റ് യോഗത്തിൽ വച്ച് അത് പരിഹരിക്കുന്നതിനാവശ്യമായ തഹസീൽദാർമാർ, ഡെപ്യൂട്ടി കളക്ടർമാരെ നിയമിക്കുമെന്നും മാറ്റം വരാൻ സാധ്യതയുണ്ടെന്ന് പ്രതീക്ഷിക്കുന്നുവെന്നുമൊക്കെ പറഞ്ഞിരുന്നു. വളരെ അധികം പെന്റിംഗ് ഉണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ എം.ഇ.എസ്. കോളേജ് സ്ഥാപിതമായിട്ട് വർഷങ്ങളോളമായി. അക്കാര്യം ഡോ. കെ. ടി. ജലീലിനുമറിയാം. ആ സ്ഥലം തരംമാറ്റുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ട് കാലങ്ങളായി. സ്ഥലം മാറ്റിയാൽതന്നെ ഏകദേശം രണ്ടുമൂന്നു കോടി രൂപ വില്ലേജ് ഓഫീസിലേയ്ക്ക് അല്ലെങ്കിൽ റവന്യൂ ഡിപ്പാർട്ട്മെന്റിലേയ്ക്ക് വരുമാനം കിട്ടാവുന്ന മാർഗ്ഗമാണ്.

മാത്രമല്ല കോളേജിന്റെ വിപുലീകരണത്തിനും ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും പ്രയാസകരമായ അനുഭവമുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അങ്ങനെ ഒരുപാട് കേസുകൾ അവിടെയുണ്ട്. കെ.ആർ. ബേക്കറി 2021-ൽ ഇതുപോലെ തരംമാറ്റം നൽകിയതാണ്. അവിടെ പത്തുനാൽപ്പതു കൊല്ലമായി കായ്ച്ചുനിൽക്കുന്ന തെങ്ങും സൗകര്യങ്ങളുമൊക്കെ ഉണ്ടായിട്ടും തരംമാറ്റുന്നതിന് ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആ ഒരുതരത്തിൽ തരംമാറ്റലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി നടപടി ഉണ്ടാകുന്നത് നന്നായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. റവന്യൂ അവാർഡ് നൽകുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചില വില്ലേജുകളിൽ ഒരുപാട് തുക പിരിച്ചെടുക്കാനുണ്ടാകും ചിലയിടത്തു വളരെ കുറച്ചുമാത്രമേ ഉണ്ടാകുകയുള്ളൂ. പത്തുലക്ഷം രൂപ പിരിച്ചെടുക്കാനുള്ള വില്ലേജിൽ ആ തുക പിരിച്ചെടുക്കുന്നത് വലിയ പ്രയാസമുള്ള കാര്യമല്ല. മറിച്ച് മൂന്നോ നാലോ കോടി രൂപ പിരിച്ചെടുക്കാനുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്ക് അത്രയും പ്രയത്നിക്കേണ്ടതായി വരും. പത്തുലക്ഷം

പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് അവാർഡ് കൊടുക്കുകയും മൂന്ന് കോടി രൂപ പിരിച്ചെടുക്കാനുള്ള സ്ഥാനത്ത് രണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് അവാർഡ് നൽകാതെയിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. അതിന്റെ മാനദണ്ഡം മാറ്റി ശതമാനത്തിൽ വ്യത്യാസം വരുത്തി പിരിച്ചെടുക്കുന്ന പണത്തിന്റെ മൂല്യംകൂടി നോക്കി തുക പിരിച്ചെടുക്കുന്നവർക്ക് അവാർഡ് നൽകാനുള്ള നടപടികൾ സ്വീകരിച്ചാൽ നന്നായിരിക്കും. കേസുകൾ തീർപ്പാക്കാൻ ആവശ്യമായ സർവ്വേയർമാരെ നിയോഗിക്കണമെന്ന് ജില്ലാ മീറ്റിംഗുകളിൽ എം.എൽ.എ.-മാർ നിരന്തരമായി ആവശ്യപ്പെടുന്നു. അതുപോലെ ഇ-ഓഫീസുമായി ബന്ധപ്പെട്ട് കെ-സ്വാൻ നെറ്റ് വർക്ക് സൗകര്യങ്ങൾ ലഭ്യമാകാത്ത വില്ലേജ് ഓഫീസുകളും നിലവിലുണ്ട്. ആവശ്യമായ സ്റ്റാഫ് ഇല്ലാത്ത വില്ലേജ് ഓഫീസുകളിലും പ്രയാസങ്ങൾ നേരിടുന്നുണ്ട്. എന്റെ മണ്ഡലത്തിൽ കേരള ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിൽ ജില്ലയിൽ ഏറ്റവും മുൻപന്തിയിൽനിൽക്കുന്ന വില്ലേജ് ഓഫീസാണ് പൊൻമള വില്ലേജ് ഓഫീസ്. ആ വില്ലേജ് ഓഫീസിൽ ഒരേയൊരു വില്ലേജ് ഓഫീസറും വില്ലേജ് അസിസ്റ്റന്റും മാത്രമാണുള്ളത്. സ്റ്റാഫ്

പാറ്റേൺ പുതുക്കി ആവശ്യമായ സ്റ്റാഫുകളെ നൽകാനും പിരിച്ചെടുക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ടി ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ജനങ്ങൾക്ക് കുറച്ചുകൂടി സൗകര്യപ്രദമായ തരത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്ന് അങ്ങ് പരിശോധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുകയാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റ്, 1955-ലെ കേരള റവന്യൂ റിക്കവറി അമെന്റ്മെന്റ് ആക്റ്റ്, 2007-ലെ കേരള റവന്യൂ റിക്കവറി അമെന്റ്മെന്റ് ആക്റ്റ് എന്നിവയിലെ പോരായ്മകൾ പരിഹരിക്കുന്നതിനാണ് 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. വായ്പയുടെ പേരിൽ കിടപ്പാടം നഷ്ടപ്പെടുന്ന പാവപ്പെട്ടവന്റെ വീടും സ്ഥലവും

സംരക്ഷിക്കാൻ സാധിക്കുന്ന ഒരു ആശ്വാസ ബിൽ എന്ന നിലയ്ക്കാണ് ഞാൻ ഇതിനെ കാണുന്നത്.

'അവശന്മാ,രാർത്തന്മാ,രാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?
പണമുള്ളോർ നിർമിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ?-ഞാൻ പിൻവലിച്ചു!....'

എന്ന് ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന കവിതയിൽ പറയുന്നുണ്ട്. എന്നാൽ ഇവിടെ അവശന്മാരും ആർത്തന്മാരും ആലംബഹീനന്മാരുമായിട്ടുള്ള ആളുകളുടെ സങ്കടങ്ങളിൽ ഇടപെടാൻ ഗവൺമെന്റിന് നേരത്തെയുണ്ടായിരുന്ന അധികാരം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. അതിൽ ഇടപെടുക എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 1968-ലെ നിയമത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. പലപ്പോഴും പല കാരണങ്ങൾകൊണ്ടും കുടിശ്ശിക വരാം. അങ്ങനെ കുടിശ്ശിക വന്നാൽ അത്തരം ആളുകൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി മൊറട്ടോറിയം നൽകുന്നതിനും കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നതിന് അനുവദിക്കുന്നതുമായ നടപടികൾ സ്വീകരിക്കുകയാണ് സർക്കാരുകൾക്ക് സാധാരണ ചെയ്യാൻ സാധിക്കുന്നത്.

എന്നാൽ ഇത് തടയുന്ന തരത്തിലുള്ള ചില നിലപാടുകൾ വന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് ഇത്തരം ഒരു ബിൽ കൊണ്ടുവന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. ചില കാര്യങ്ങൾകൂടി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ നിയമത്തിലെ സെക്ഷൻ 6 അനുസരിച്ച് റവന്യൂ റിക്കവറിയുടെ പലിശനിരക്ക് 12 ശതമാനമായിരുന്നു. അത് 9 ശതമാനമായി കുറച്ചത് വലിയ ആശ്വാസമാണ്. സ്ഥാപനവും വ്യക്തിയും തമ്മിലുള്ള കരാർപ്രകാരം പലിശനിരക്ക് 9 ശതമാനത്തിൽ താഴെയാണെങ്കിൽ ആ പലിശ മാത്രമെ ഈടാക്കാൻ പാടുള്ളൂ എന്നുകൂടി വ്യവസ്ഥ ചെയ്യുന്നു. അതുപോലെ വലിയ ഭൂമിയുടെ ഉടമകൾ ചെറിയ തുകയ്ക്ക് വായ്പയെടുക്കുമ്പോൾ ജപ്തിയുടെ ഭാഗമായി മുഴുവൻ ഭൂമിയും ജപ്തി ചെയ്യുന്ന അവസ്ഥയുണ്ട്. സെക്ഷൻ 36 പ്രകാരം കുടിശ്ശികയ്ക്ക് അനുപാതികമായി മാത്രമെ ജപ്തി നടത്താവൂവെന്ന നിയമ ഭേദഗതി ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിനെ 'പാവപ്പെട്ടവന്റെ മാഗ്നാകാർട്ട' എന്ന് വിശേഷിപ്പിക്കാം. ഇടശ്ശേരിയുടെ 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ വിളജപ്തി എന്ന നിലപാടുണ്ടായിരുന്നു. ആ കവിതയിൽ കാലവർഷത്തിന്റെ പ്രശ്നത്താൽ കൃഷി

നശിക്കുകയും പാട്ടത്തുക ബാക്കിയുള്ളതിനാൽ ജന്മി കോടതിയിൽ പോകുകയും അവസാനം വിള ജപ്തി ചെയ്യുന്നതിന് കോടതി ഉത്തരവിടുകയും ചെയ്തു. അന്ന് ജപ്തി ചെയ്തത് വിളയാണെങ്കിൽ ഇന്ന് അവന്റെ സ്വത്തുതന്നെ ജപ്തി ചെയ്യുന്ന അവസ്ഥയാണുള്ളത്. അതിൽനിന്ന് പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ കൊണ്ടുവന്നത്. ഈ നിയമപ്രകാരം കുടിശ്ശികക്കാരന്/വായ്പയെടുത്ത ആളിന് കുടിശ്ശികയുണ്ടെങ്കിലും അവന്റെ ഭൂമി വിൽക്കാൻ സാധിക്കുന്നു. ഭൂമി വിൽക്കാൻ സൗകര്യം നൽകാതെ ജപ്തി ചെയ്ത് കൊണ്ടുപോകുന്ന അവസ്ഥയാണ് മുമ്പുണ്ടായിരുന്നത്. നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ ചേർത്ത് നിർത്തുന്നുവെന്നതാണ് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണവും പ്രത്യേകതയുമായി കാണുന്നത്. വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതി വന്നാൽ കുടിശ്ശികക്കാരന് തന്റെ കുടിയിരിപ്പ് വിറ്റഴിച്ച് കടം വീട്ടണമെന്ന് ആഗ്രഹമുണ്ടെങ്കിലും നിലവിലുള്ള നിയമ പ്രകാരം വിൽക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. എന്നാൽ ഈ നിയമത്തിൽ കുടിശ്ശികക്കാരന് ഒരു കരാറുണ്ടാക്കി ജപ്തി ചെയ്യുന്ന വസ്തു മുഴുവനായോ

ഭാഗികമായോ വിൽക്കാൻ സാധിക്കും. വിൽക്കുന്നയാളും വാങ്ങുന്നയാളും ഒരുമിച്ച് കളക്ടർക്ക് അപേക്ഷ നൽകുകയും അനുവാദം ലഭ്യമായശേഷം ആധാരം രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ചെയ്യും. ജനപ്രതിനിധികളായ നമ്മുടെ അരികിലേക്ക് ഒരു ദിവസമെങ്കിലും ഇതുപോലെയുള്ള പ്രശ്നങ്ങളുമായി ധാരാളം ആളുകൾ സമീപിക്കാറുണ്ട്. മന്ത്രിയുടെ ശിപാർശപ്രകാരം സ്റ്റേ വാങ്ങി നൽകണമെന്ന ആവശ്യത്തിന് മുമ്പ് സ്റ്റേ ലഭിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. സർഫാസി നിയമത്തിൽനിന്ന് രക്ഷപ്പെടുത്താൻ സാധിക്കുന്ന ആശ്വാസങ്ങളെക്കുറിച്ച് ആലോചിക്കണമെന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നേരത്തെ സൂചിപ്പിച്ചത് ഈയൊരു മനഃസ്ഥിതിയോടെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

1956-ൽ ഐക്യകേരളം രൂപംകൊണ്ടതിനുശേഷം ഒന്നാമത്തെ ഗവൺമെന്റ്, കുടിയൊഴിപ്പിക്കാൻ പാടില്ലെന്ന ഒരു വ്യവസ്ഥ 1957 ഏപ്രിൽ 5-ന് കൊണ്ടുവന്നിരുന്നു. രാജ്യത്തെ ഏറ്റവും സാധുക്കളായിട്ടുള്ളതും പാവപ്പെട്ടവരുമായ ആളുകളുടെ കിടപ്പാടം ജപ്തി ചെയ്യാൻ പാടില്ലെന്നുള്ള ചരിത്രപരമായ ഒരു നിയമമുണ്ടാക്കിയ ആ സംസ്ഥാനത്തുതന്നെ

ബാങ്കിൽനിന്ന് വായ്പയെടുത്തതിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട് തെരുവിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടാകുന്നു. ചെറിയ സഹായമോ മാന്യമായ ഇളവോ നൽകിയാൽ കടം വീട്ടാമെന്ന് പറഞ്ഞാലും അതിനുള്ള സാഹചര്യമുണ്ടാകുന്നില്ല. സാധാരണ വില്ലേജ് ഓഫീസ് വഴിയുള്ള ആർ.ആർ. നടപടികളാണ് സ്വീകരിച്ചിരുന്നതെങ്കിൽ ചില ന്യൂ ജനറേഷൻ ബാങ്കുകൾ ഗുണ്ടാസംഘങ്ങളെയാണ് വായ്പ തിരിച്ചുപിടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. ബാങ്കിന്റെ ആളുകളെന്ന് പറഞ്ഞാണ് ഗുണ്ടാസംഘങ്ങൾ വസ്തു ഈടാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നത്. ഇവിടെ ഗവൺമെന്റിന്റെ ഭേദഗതി നിയമത്തിൽ കൊണ്ടുവരുന്ന ഏറ്റവും ശ്രദ്ധേയമായ പരിരക്ഷ നിങ്ങൾക്ക് വിൽക്കാൻ സാധിക്കും എന്ന വ്യവസ്ഥയാണ്. ഇത് തികച്ചും ആശ്വാസകരമായ ഒരു നടപടിയാണ്. ജില്ലാ കളക്ടറുടെ മുന്നിൽവച്ച് ഒരു കരാർ വ്യവസ്ഥയുണ്ടാക്കിയാണ് അത് ചെയ്യുന്നത്. ഏറ്റവും ശ്രദ്ധേയമായ ഒരു ഭേദഗതി കൂടി ഈ ബില്ലിലുണ്ട്. ഒരാളുടെ പേരിൽ റവന്യൂ റിക്കവറി നടപടികളുണ്ടായാൽപ്പോലും അഞ്ച് വർഷംകൊണ്ട് മുതലും കുടിശ്ശികയും നിയമാനുസൃതമായിട്ടുള്ള പലിശയും ഗഡുക്കളായി അടച്ചാൽ വസ്തു അയാൾക്ക്

തിരിച്ച് നൽകുമെന്നുള്ള വ്യവസ്ഥയാണ് അത്. ഈ നാട്ടിലെ വായ്പയെടുത്ത ആളുകളെ സഹായിക്കാൻ കഴിയുന്ന ഉദാരമായ വ്യവസ്ഥകളുള്ള ഒരു പ്രധാനപ്പെട്ട ബില്ലാണിത്. കേരള സർക്കാരിന്റെ ഏറ്റവും മനുഷ്യത്വപരമായ രൂപമാണ് ഈ ബില്ലിലുള്ളത്. വായ്പയെടുത്ത് തിരികെ അടയ്ക്കാൻ സാധിക്കാത്ത ആളെ ഉപേക്ഷിക്കുന്നതിന് പകരം അഞ്ച് വർഷത്തോളം സമയം നൽകി വായ്പ തിരിച്ചടയ്ക്കാൻ സാധിക്കുന്ന നിലയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. കൃഷി നാശം സംഭവിച്ച് തുക തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യങ്ങളുണ്ടായതിന്റെ ഭാഗമായി വീട്ടിൽനിന്നും നാട്ടിൽനിന്നും ആട്ടിയോടിക്കപ്പെടുന്നവരുടെ കഥയാണ് എല്ലായിടത്തും കേൾക്കുന്നത്. എന്നാൽ, ഇവിടെ വായ്പയെടുത്ത് പാപ്പരാകുന്ന ആളുകൾക്ക് തിരിച്ചടവിന് സമയം നൽകുകയും തുക തിരിച്ചടച്ചതിനുശേഷം അവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് നിലകൊള്ളുകയാണ് ചെയ്യുന്നത്. അതായത് ഒരാളുടെ സ്വത്തും ജീവനും സംരക്ഷിക്കുകയെന്നത് ഒരു മൗലിക കടമയല്ല; ചുമതലയായി കാണുന്നുവെന്നതാണ് ഈ ബില്ലിന്റെ ഒരു പ്രധാനപ്പെട്ട സവിശേഷത. നമ്മുടെ രാജ്യത്തെ വളരെ പാവപ്പെട്ട ജനങ്ങളെ ബാങ്ക് ജപ്തി നടപടികളിൽനിന്ന്

സംരക്ഷിക്കുന്നതിനാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. വായ്പകളെയും അതിന്റെ പലിശയെയും പിന്നീടുള്ള നടപടിക്രമങ്ങളെയും സംബന്ധിച്ചുള്ള വ്യവസ്ഥകൾ എല്ലാ ബാങ്കിംഗ് മേഖലയിലും നടപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള ഭേദഗതി കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർഥിക്കുകയാണ്. ആദ്യം സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സർഫാസി പോലെയുള്ള മറ്റ് നിയമങ്ങളെയെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് കടുത്ത രീതികളെടുക്കുന്ന നടപടികൾക്കുപകരം അങ്ങേയറ്റം ഉദാരമായ രീതിയിലുള്ള സമീപനങ്ങൾ സ്വീകരിക്കുന്ന വിധത്തിൽ ഈ നിയമം സമഗ്രമായ രീതിയിലുണ്ടാക്കണം. ബാങ്കുകളിൽനിന്ന് വായ്പയെടുത്തവർ തിരിച്ചടയ്ക്കാത്തത് ഒരിക്കലും ബാങ്കുകളെ വഞ്ചിക്കണമെന്ന ആഗ്രഹത്തോടെയല്ല; മറിച്ച് സാധാരണക്കാരായ ആളുകളുടെ പ്രയാസങ്ങൾകൊണ്ടാണ്. അപ്പോൾ വായ്പകൾ തിരിച്ചടയ്ക്കാനുള്ള എല്ലാ സമീപനങ്ങളും ഉദാരമായ രീതിയിലായിരിക്കണം. സംസ്ഥാനത്ത് ഗവൺമെന്റാണ് ഏറ്റവും വലുതെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു റോളുമില്ലാത്ത സ്ഥിതിയാണ്. ഇക്കാര്യങ്ങൾ ബാങ്ക് നേരിട്ട്

ചെയ്യുന്നവെന്നുപറയുന്നത് ഒട്ടും ശരിയല്ല. മുതൽ തിരിച്ചടച്ചതിനുശേഷവും കണ്ണായ സ്ഥലമാണെന്നുള്ളതുകൊണ്ട് അത് കക്ഷിക്ക് തിരിച്ചുകൊടുക്കാതിരിക്കുന്നതിനുവേണ്ടി ന്യൂ ജനറേഷൻ ബാങ്കുകൾ സ്വീകരിക്കുന്ന തെറ്റായ രീതികൾ പലയിടത്തുമുണ്ട്. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റികളുടെ മുന്നിലെത്തുന്ന അപേക്ഷകളെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ ഇതെല്ലാം നമുക്ക് കാണാൻ സാധിക്കും. തീർച്ചയായും ഈ ഭേദഗതികളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ എടുത്ത സമയം മാത്രമെ മന്ത്രിയെന്ന നിലയിൽ ഞാനും എടുക്കുന്നുള്ളൂ. ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതോടൊപ്പം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതിനുശേഷം ബിൽ സഭയിൽ തിരിച്ചുവരുമ്പോൾ അവശ്യമുള്ള ചർച്ചകളിൽ സംസാരിക്കാമെന്നാണ് കരുതുന്നത്. ഇവിടെ പറഞ്ഞകാര്യങ്ങളിൽ, മുമ്പുപറഞ്ഞതുപോലെ 1968-ൽ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള കേരള റവന്യൂ റിക്കവറി ആക്ടിലെ

ജനോപകാരപ്രദമായ ചില നടപടികൾ കൊണ്ടുവരണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. സർക്കാരിന് ലഭിക്കാനുള്ള നികുതിയുൾപ്പെടെയുള്ള കുടിശ്ശികകൾ കുടിശ്ശികക്കാരന്റെ സ്ഥാവരജംഗമവസ്തുക്കളിൽനിന്നും ഈടാക്കി നൽകുകയെന്ന ലക്ഷ്യത്തോടുകൂടി വന്ന ബില്ലാണ് കേരള റവന്യൂ റിക്കവറി ആക്ട് എന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സർക്കാരിന്റെ നികുതികൾ മാത്രമല്ല, ഈ ബില്ലിന്റെ 71-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബാങ്കുകളുൾപ്പെടെ നിരവധി സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതും ഇപ്പോൾ ഈ ആക്ടിന്റെ കീഴിൽത്തന്നെയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബർ സൂചിപ്പിച്ചതുപോലെ കുടിശ്ശിക വരുത്തുന്നത് മനഃപൂർവമല്ല; ഒരു സാധാരണക്കാരനായ മനുഷ്യന്റെ ജീവിതപ്രയാസങ്ങളിൽനിന്നും

ഉയർത്തേഴുന്നേറ്റുവന്നതാണ് അത്തരത്തിലുള്ള എല്ലാം കുടിശ്ശികകളും. ആ ഒരു ധാരണയോടുകൂടിത്തന്നെയാണ് സർക്കാർ കുടിശ്ശികക്കാരനെ കാണുന്നത്. സർക്കാരിന്റെയും സ്ഥാപനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതുപോലെതന്നെ കുടിശ്ശികക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും താല്പര്യങ്ങൾ സംരക്ഷിക്കാനും അവരുടെ ചിന്തയോടൊപ്പം നിൽക്കാനും കഴിയുന്ന വിധത്തിലാണ് ഈ ഭേദഗതി ബിൽ സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ലക്ഷ്യമിട്ടത്. കുടിശ്ശിക തുക ഗഡുക്കളാക്കി കൊടുത്തുകൊണ്ടുള്ള സർക്കാർ നിലപാട് സാധാരണക്കാരന് ആശ്വാസവും പ്രയോജനപ്രദവുമായിരുന്നു. രാഷ്ട്രീയത്തിൽ ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മളെല്ലാം ജനങ്ങളുടെ പരാതികൾ കേട്ട് അവരുടെ പ്രശ്നങ്ങൾ എത്രയുംവേഗം പരിഹരിക്കണമെന്ന വിഷയമുള്ളതുകൊണ്ട് നല്ലൊരു ശതമാനം ജനപ്രതിനിധികളും റവന്യൂ റിക്കവറിക്കുവേണ്ടി ഗവൺമെന്റിനെ സമീപിക്കാറുണ്ട്. ജനപ്രതിനിധികൾക്കുമാത്രമല്ല, ഏതൊരാൾക്കും ഒരു വിഷമഘട്ടത്തിൽ സമീപിക്കാൻ കഴിയുന്ന വിധത്തിലുള്ള അവസരം സ്റ്റേ

ഉൾപ്പെടെയുള്ള ഈ നടപടികളിലുണ്ടായിരുന്ന എന്നാണ് ഇക്കാര്യം പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായത്. HDFC (Housing Development Finance Corporation) ബാങ്ക് നൽകിയ ഒരു കേസിൽ സർക്കാരിന് ഗഡുക്കൾ അനുവദിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ അപ്പീലിലും ഹൈക്കോടതി ഇതേ നിലപാടിൽത്തന്നെ നിൽക്കുകയും ചെയ്തു. ഈ സാഹചര്യംകൂടി കണക്കിലെടുത്താണ് റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ അനുവദിക്കൽ, മൊറട്ടോറിയം പ്രഖ്യാപിക്കൽ, സെറ്റിൽമെന്റ് സ്കീമുകൾ കൊണ്ടുവരൽ എന്നിവയെല്ലാം ഒരു നിയമഭേദഗതിയുടെ ഭാഗമായി കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ട് ഈ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട രണ്ട് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 2018-ലെ ഭീകരമായ പ്രളയവും അതിനുശേഷമുണ്ടായ കോവിഡും തകർത്തെറിഞ്ഞ സാമ്പത്തിക-സാമൂഹിക സ്ഥിതിവിശേഷമുള്ള കേരളത്തിൽ കുടിശ്ശികക്കാരനും അതുപോലെ കുടിശ്ശിക വന്നതിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ഥാപനങ്ങൾക്കും

സർക്കാരിനും amicable-ആയ വിധത്തിൽ ഒരു നടപടിയെടുക്കുകയെന്ന ലക്ഷ്യം ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. അതുകൊണ്ട് കുടിശ്ശികക്കാരോടൊപ്പം ഈ സ്ഥാപനങ്ങളുടെയും റവന്യൂ റിക്കവറിക്കുവേണ്ടി സമീപിക്കുന്ന 71-ാം വകുപ്പുപ്രകാരമുള്ള സ്ഥാപനങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കാവുന്ന വിധത്തിൽ വ്യത്യസ്തങ്ങളായ ഭേദഗതികൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദേശങ്ങൾ വളരെ സ്വാഗതാർഹമാണ്. അവയെ സ്വാഗതം ചെയ്യുന്നതോടൊപ്പം സബ്ജക്ട് കമ്മിറ്റിയിലോ ഇതിന്റെ ചർച്ചയിലോ വരേണ്ട പ്രധാനപ്പെട്ട ഒന്നുരണ്ടുകാര്യം മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ബോട്ട്-ഇൻ-ലാൻഡായി സർക്കാർ കൈവശം വച്ചിരിക്കുന്ന ഭൂമിയോ അതല്ലെങ്കിൽ അങ്ങ് പറഞ്ഞതുപോലെ സെക്ഷൻ-71 അനുസരിച്ച് സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേലോ വായ്പയെടുത്തിരിക്കുന്ന വ്യക്തി അഞ്ചുവർഷത്തിനകം മരണപ്പെട്ടാൽ അവരുടെ അവകാശികൾക്ക് പ്രസ്തുത ഭൂമി തിരിച്ചുലഭിക്കുന്നതിനുള്ള ഒരു പ്രൊവിഷൻ ഈ ഭേദഗതിയിൽ

കൊണ്ടുവന്നാൽ നന്നായിരിക്കുമെന്ന നിർദേശമാണ് എനിക്ക് പറയാനുള്ളത്. രണ്ടാമത്തെ കാര്യം, ലിമിറ്റേഷൻ ആക്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. റവന്യൂ റിക്കവറി ആക്ടിൽ എപ്പോഴും ഭേദഗതിയുണ്ടാകുകയില്ല. ഇന്ത്യൻ ലിമിറ്റേഷൻ ആക്റ്റ് പ്രകാരം ടൈം ബാർ കഴിഞ്ഞ ക്ലെയിമുകൾ റവന്യൂ റിക്കവറി നിയമപ്രകാരം റവന്യൂ റിക്കവറി നടത്താൻ പാടില്ലെന്നാണ് കല്യാണിക്കുട്ടി അമ്മ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചത്. പിന്നീട് Bombay Dyeing and Manufacturing Co. Ltd. കേസ്സിൽ ഒരു വിധിയുണ്ടായത് ലിമിറ്റേഷൻ ആക്റ്റ് ഒരു പ്രതിവിധി മാത്രമാണെന്നും എന്നാൽ അത് പരിമിതപ്പെടുത്തിയിട്ടില്ലെന്നുമാണ്. അപ്പോൾ റിക്കവറി നടത്താനുള്ള അവകാശം നിലനിൽക്കുന്നുണ്ട്. അതിനാൽ സിവിൽ കോടതി മുഖേനയല്ലാതെ റവന്യൂ റിക്കവറി നടത്താനുള്ള ബദൽ സംവിധാനങ്ങളെക്കുറിച്ച് ഗവൺമെന്റുകൾ ആലോചിക്കണമെന്നുള്ള ഒരു നിർദേശവും രണ്ടാമത്തെ കോടതി വിധിയിൽ വന്നിട്ടുണ്ട്. സാധാരണഗതിയിൽ ആദ്യത്തെ വിധി നിലനിൽക്കുന്നതുകൊണ്ട് ലിമിറ്റേഷൻ ബാർ കഴിഞ്ഞാൽ റിക്കവറി ചെയ്യാൻ സാധിക്കില്ല. മിക്കയാളുകളും

പലകാരണങ്ങൾകൊണ്ട് അതിൽനിന്നും രക്ഷപ്പെടുകയാണ് ചെയ്യുന്നത്. സിവിൽ കോടതിമുഖേനയല്ലാതെ റിക്കവറി നടത്താൻവേണ്ടി ആൾട്ടർനേറ്റീവായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഗവൺമെന്റുകൾ എടുക്കണമെന്ന് സുപ്രീംകോടതിയുടെ വിധിയിൽ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് റവന്യൂ റിക്കവറി ആക്റ്റ് ഭേദഗതി ചെയ്യുന്ന ഈ അവസരത്തിൽ ഈ രണ്ടുകാര്യങ്ങൾ പരിഗണിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രസക്തമായ ചില കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. ബോട്ട്-ഇൻ-ലാൻഡ് സ്ഥാവരജംഗമവസ്തുക്കളിൽ ലേലം ചെയ്ത് കുടിശ്ശിക ഈടാക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് ജപ്തിനടപടികളുമായി മുന്നോട്ടുപോകുമ്പോൾ ലേലം വിളിക്കാൻ ആളില്ലാതെ വരുന്ന ഘട്ടത്തിൽ നിലവിലുള്ള ആക്റ്റ് പ്രകാരം 10 പൈസ നൽകി സർക്കാരിന്റെ പേരിൽ ഭൂമി ലേലം കൊള്ളുകയെന്ന സ്ഥിതിയാണുള്ളതെന്ന് എല്ലാവർക്കും അറിയാം. പിന്നീട് ഇത്തരം ഭൂമി പുറമ്പോക്കാക്കി സർക്കാർ പ്രഖ്യാപിക്കുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവും മുമ്പ് സംസാരിച്ച രണ്ട് അംഗങ്ങളും സൂചിപ്പിച്ചതുപോലെ ഭൂമി ഏറ്റെടുത്തതിനുശേഷം അധികകാലം ആകുന്നതിനുമുമ്പ് കുടിശ്ശികക്കാരൻ ഏതെങ്കിലും വിധത്തിൽ പണം സമാഹരിച്ച് തിരിച്ചടയ്ക്കുമ്പോൾ ഭൂമി തിരികെ നൽകാനുള്ള ഒരു പ്രൊവിഷനും മുമ്പുണ്ടായിരുന്ന ആക്ടിൽ ഉണ്ടായിരുന്നില്ല. മാറിമാറിവന്ന സർക്കാരുകളെല്ലാം പ്രത്യേക സാഹചര്യമുപയോഗിച്ച് കാബിനറ്റിൽവച്ച് മന്ത്രിസഭയിൽ അനുമതി നൽകുകയെന്നുള്ളതാണ് ലക്ഷ്യം വച്ചത്. ഇതുമറികടക്കാൻവേണ്ടിയാണ് ബോട്ട്-ഇൻ-ലാൻഡായി പിടിച്ചെടുക്കപ്പെട്ട ഭൂമി അഞ്ചുവർഷക്കാലത്തേയ്ക്ക് ഏതെങ്കിലും വിധത്തിൽ വിൽക്കാനോ alter ചെയ്യാനോ പാടില്ലെന്ന നിർദേശത്തോടെ ആ കാലയളവിൽത്തന്നെ പണമടച്ചാൽ കുടിശ്ശികക്കാരന് അത് തിരികെ നൽകാമെന്ന ആശയം മുന്നോട്ടുവയ്ക്കാൻ തീരുമാനിച്ചത്. അക്കാര്യം ഗൗരവതരമായ ഒരു ആശയമായി അങ്ങ് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. എന്നാൽ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ബോട്ട്-ഇൻ-ലാൻഡ് വായ്പയായെടുത്ത വ്യക്തി മരണപ്പെട്ടതിനുശേഷം കുടിശ്ശിക തിരിച്ചടച്ചാൽ കുടിശ്ശികക്കാരന്റെ അവകാശികൾക്ക് ഭൂമി തിരികെ നൽകുകയെന്നുള്ളത് ഒരു

ശ്രമകരമായ ആശയമാണ്. തീർച്ചയായും സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ ഇക്കാര്യംകൂടി ചർച്ച ചെയ്യാനവസരമുണ്ടാകും. കല്യാണിക്കുട്ടി അമ്മ കേസ്സുമായി ബന്ധപ്പെട്ട ലിമിറ്റേഷന്റെ കാര്യം ഈ വിഷയത്തിന്റെ തുടക്കത്തിൽത്തന്നെ ചർച്ച ചെയ്തിരുന്നു. ഒരിക്കൽക്കൂടി അങ്ങ് പറഞ്ഞ കാരണം പരിശോധിക്കാം. കല്യാണിക്കുട്ടി അമ്മ കേസ് യഥാർത്ഥത്തിൽ മൂന്നാറിലെ WP(C).No.1801/2010 കേസ്സുപോലെ തുടരുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു നിരീക്ഷണം നടത്തിയെന്ന കാര്യം അങ്ങ് പറഞ്ഞത് പൂർണമായും ശരിയാണ്. പക്ഷേ അക്കാര്യത്തിൽ ലിമിറ്റേഷനുമായി ബന്ധപ്പെട്ട വിധി വന്നിട്ടില്ല. കല്യാണിക്കുട്ടി അമ്മ കേസ് ഇപ്പോഴും ബഹുമാനപ്പെട്ട സുപ്രീംകോടതി ബഞ്ചിന്റെ മുമ്പാകെയാണ്. കല്യാണിക്കുട്ടി അമ്മ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഏതെങ്കിലും വിധത്തിലുള്ള നിയമപരമായ തീരുമാനമെടുത്താൽ അത് തീർച്ചയായും ഇവിടെയും സ്വീകരിക്കാമെന്ന് നിലവിൽ നമുക്ക് തീരുമാനിക്കാം. പലിശനിരക്ക് കുറയ്ക്കുകയെന്നത് ശ്രദ്ധേയമായ കാര്യമാണെന്ന് ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതിനാൽ കൂടുതൽ വിശദീകരിക്കുന്നില്ല.

12 ശതമാനത്തിൽനിന്നും 9 ശതമാനമാക്കുന്നുവെന്നുമാത്രമല്ല, മുന്പുണ്ടാക്കിയിരുന്ന കരാറിൽ പലിശനിരക്ക് 9 ശതമാനത്തിൽത്താഴെയാണെങ്കിൽ ആ നിരക്കിൽതന്നെ മുന്നോട്ടുപോകാൻ കഴിയുന്നവിധത്തിലാണ് ആലോചിച്ചിട്ടുള്ളത്. ഒരു ഭൂമി ആകെ ഏറ്റെടുക്കുക എന്നത് മാറി 2013-ലെ LARR (Land Acquisition, Rehabilitation and Resettlement Act) ആക്ടിലെ വകുപ്പുകൾ 26(ബി), 27 എന്നിവപ്രകാരം ഒരു വില നിശ്ചയിച്ച് അതുമാത്രം ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്താൽ മതിയെന്ന ഒരു നിർദ്ദേശം വകുപ്പ് 50 എ.-യുടെ തുടർച്ചയായി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. റവന്യൂ നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ബോട്ട്-ഇൻ-ലാൻഡ് ആകുന്നതിനുമുമ്പ് അറ്റാച്ച് ചെയ്തിരിക്കുന്ന ഒരു ഭൂമി മറ്റൊരു വ്യക്തിക്ക് വില്പന നടത്താൻ നിർവാഹമില്ല. ജപ്തി ചെയ്താൽ പണം തിരിച്ചടയ്ക്കുക മാത്രമെ നിവൃത്തിയുള്ളൂ. ഭൂമി വാങ്ങാനാഗ്രഹിക്കുന്ന ആളുണ്ടെങ്കിൽപോലും വില്പന നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആ ഘട്ടത്തിൽ വില്പന നടത്താൻ സാധിച്ചാൽ ഭൂഉടമയും ഭൂമിയേറ്റെടുക്കാൻ തയ്യാറായി വരുന്ന വ്യക്തിയും തമ്മിൽ ഒരു

കരാറുണ്ടാക്കി ജില്ലാ കളക്ടറെ സമീപിച്ചാൽ ആ ഭൂമി വില്പന ചെയ്ത് പണമടയ്ക്കാനുള്ള സൗകര്യം ഒരുക്കുകയും പണമടച്ചാൽ ആ ഭൂമി തിരിച്ചുകൊടുക്കാൻ കഴിയുന്നവിധത്തിലുമുള്ള ഒരു തയ്യാറെടുപ്പാണ് ഇവിടെ നടന്നിട്ടുള്ളത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നിരവധി പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചു. സമയക്കുറവുമൂലം എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല.  സബ്ജക്ട് കമ്മിറ്റിയിൽ അത് ഗൗരവമായി ചർച്ച ചെയ്ത് സർവീസ് ചാർജടക്കമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയും. നിശ്ചിതമായ ഒരു കാലഘട്ടത്തിനുള്ളിൽ നടപ്പിലാക്കണം എന്ന കാര്യത്തിൽ ഈ നിയമത്തിൽതന്നെ അതുമായി ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. അതുമുതൽ പ്രത്യേക ഫോറത്തിൽ അപേക്ഷ കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിയ്ക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വിഷയങ്ങൾ സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് പോയാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ഇപ്പോൾ അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വില്ലേജുകളിൽ ഭദ്രമായ വിധത്തിൽ ആളുകളുടെ എണ്ണം ഉണ്ടാകണം എന്നുതന്നെയാണ് വകുപ്പിന്റെ അഭിപ്രായം.

അതിനുവേണ്ടി പരമാവധി പരിശ്രമിക്കുന്നുണ്ട്. റവന്യൂ ഒരു സേവന വകുപ്പായതുകൊണ്ട് ഓരോ ഘട്ടത്തിലും ചുമതലകൾ വർധിക്കുകയാണ്. കോവിഡിന്റെ കാലത്ത് എക്സ് ഗ്രേഷ്യ ആയി അമ്പതിനായിരം രൂപവീതം മരണപ്പെട്ടവരുടെ കുടുംബത്തിന് നൽകാൻ തീരുമാനിച്ചപ്പോൾ അതിന്റെ പൂർണമായ ചുമതല ഒരുഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ വില്ലേജ്തലം വരെയുള്ള ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടിവന്നു. കോവിഡ് കാലത്ത് കേരളത്തിൽ ഒരു ആഴ്ചയിൽ ഞായറാഴ്ചയടക്കമുള്ള ദിവസങ്ങളിൽ പൂർണമായും ആരും വീടുകളിൽനിന്ന് പുറത്തിറങ്ങാൻ പാടില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് തീരുമാനമെടുക്കുമ്പോൾ '..സംസ്ഥാനത്തെ ചീഫ് സെക്രട്ടറിമാർ, റവന്യൂ ഉദ്യോഗസ്ഥന്മാർ ഒഴികെ..' എന്ന് തീരുമാനമെടുക്കേണ്ടിവന്നു. കാരണം ബഹുമാനപ്പെട്ട സുപ്രീം കോടതി, എന്തുകൊണ്ടാണ് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ തങ്ങൾക്കു ലഭിക്കേണ്ട പണത്തെ സംബന്ധിച്ച് അപേക്ഷ കൊടുക്കാത്തതെന്ന് ചോദിക്കുകയും അപേക്ഷ കൊടുക്കാനുൾപ്പെടെയുള്ള ഉത്തരവാദിത്വം റവന്യൂ വകുപ്പ് ഏറ്റെടുക്കണമെന്ന് പറയുകയും ചെയ്തു. ഇതുപോലെ നിരവധി ചുമതലകൾ വഹിക്കേണ്ടതിനാലാണ് റവന്യൂ വകുപ്പിന്റെ

സേവനങ്ങൾ സമ്പൂർണമായും ഡിജിറ്റൽ ആക്കണമെന്ന ആശയം സ്വീകരിക്കാനുള്ള സ്ഥിതിയുണ്ടായത്. അതനുസരിച്ച് കേരളത്തിലെ റവന്യൂ വകുപ്പിന്റെ പൂമുഖപ്പടിവാതിൽ എന്ന് വിശേഷിപ്പിക്കാവുന്ന വില്ലേജ് ഓഫീസുകൾ സമ്പൂർണമായി സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങളിലേക്ക് പോകുകയാണ്. ഏകദേശം 680-ഓളം വില്ലേജ് ഓഫീസുകൾ കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലത്തായി സ്മാർട്ടാക്കാനുള്ള പരിശ്രമങ്ങൾ നടത്തുകയും 80 ശതമാനത്തിലേറെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ളത് നബാർഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ച് എത്രയും വേഗത്തിൽ പൂർത്തിയാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 62/2022 നമ്പർ സർക്കാർ ഉത്തരവുപ്രകാരം എം.എൽ.എ.-മാർക്ക് വില്ലേജ് ഓഫീസുകളെയും താലൂക്ക് ഓഫീസുകളെയും സ്മാർട്ടാക്കാനും അവിടുത്തെ ഉപകരണങ്ങൾ വാങ്ങാനും സ്പെഷ്യൽ ഫണ്ട് ഉപയോഗിക്കാമെന്ന് നിശ്ചയിച്ചപ്പോൾ നല്ലൊരു ശതമാനം എം.എൽ.എ.-മാർ അതിന് തയ്യാറായത് കൃത്യ ഒഴിവാക്കി ഏറ്റവും വേഗത്തിൽ ആ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം

എന്നുള്ളതുകൊണ്ടാണ്. അത്തരത്തിൽ ആ നടപടികൾ മുന്നോട്ടുപോകുന്നുണ്ട് എന്ന കാര്യവും ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സർക്കാർ കുടിശ്ശിക ഒരു ലക്ഷം രൂപയും ബാങ്ക് കുടിശ്ശിക മൂന്ന് ലക്ഷം രൂപവരെയുമാണ് കളക്ടർമാർക്ക് സ്റ്റേ നൽകാനും ഇൻസ്റ്റാൾമെന്റ് കൊടുക്കാനും അധികാരമുള്ളത്. സർക്കാർ കുടിശ്ശിക മൂന്ന് ലക്ഷവും ബാങ്ക് കുടിശ്ശിക അഞ്ച് ലക്ഷം രൂപയുമാക്കി പരിഷ്ക്കരിക്കുമോ; ഇൻസ്റ്റാൾമെന്റിന്റെ എണ്ണം നിലവിൽ കളക്ടർമാർക്ക് അധികാരമുള്ളത് 20 മാത്രമാണ്. അതുകൂടി വർധിപ്പിക്കുന്നത് ജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാകും. ആ രീതിയിൽ മാറ്റം വരുത്താൻ സാധിക്കുമോ?

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഈ ബില്ലിൽ പലയിടത്തും 'ഗവൺമെന്റ്' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അത് സ്റ്റേറ്റ് ഗവൺമെന്റ് ആണോ സെൻട്രൽ ഗവൺമെന്റ് ആണോയെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ച ഒന്നുരണ്ട് വിഷയങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. അതിനുശേഷം മറ്റ് രണ്ട് അംഗങ്ങൾക്കുമുള്ള മറുപടി നൽകുന്നതാണ്.

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. വളരെ ഗൗരവമായ കാര്യമാണിത്. ഇന്നുതന്നെ ഇത് ചർച്ച ചെയ്യാൻ കഴിഞ്ഞത് നന്നായി. കാരണം, ജൂലൈ ഒന്നാം തീയതിയായ ഇന്നുമുതൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട പുതിയ ഒരു നടപടിക്രമത്തിലേയ്ക്ക് കേരളം കടക്കുകയാണ്. 27 ആർ.ഡി.ഒ./സബ് കളക്ടർ നിലവാരത്തിലുള്ളവർക്ക് മാത്രം ഭൂമി തരം മാറ്റൽ നടപടികളിൽ ഇടപെടാൻ കഴിഞ്ഞിരുന്നത് ജൂലൈ ഒന്നുമുതൽ 71 ഉദ്യോഗസ്ഥന്മാരിലേക്കാക്കി ഉയർത്താൻ കേരളത്തിന് സാധ്യമായി എന്നുള്ളത് ഒരു ചുവടുവയ്പായിത്തന്നെ കാണാം. ഇത് എട്ടുമാസക്കാലം വൈകാനുള്ള കാരണം ഈ സഭ പാസ്സാക്കുന്നതുകൊണ്ടല്ല. ഇക്കാര്യം അങ്ങ് പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ മറ്റെല്ലാ അംഗങ്ങളും അനുകൂലിച്ചതുകൊണ്ടാണ് ആർ.ഡി.ഒ. എന്ന പദം നിർവചിക്കാൻ നിയമസഭ ഏകകണ്ഠമായി തീരുമാനിച്ചത്. ആർ.ഡി.ഒ. (റവന്യൂ ഡിവിഷണൽ ഓഫീസർ) എന്നാൽ ഡെപ്യൂട്ടി കളക്ടറിൽ കുറയാത്ത സർക്കാർ നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നാണ്. നിയമസഭ അത് ഏകകണ്ഠമായി പാസ്സാക്കി

ഏഴുമാസം കഴിഞ്ഞിട്ടും അത് അനുവദിച്ച് ലഭ്യമായില്ലെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പിറ്റേദിവസമാണ് അത് സാധ്യമാകുന്നത്. എം.സി.സി. കഴിഞ്ഞയുടൻ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോവുകയാണുണ്ടായത്. അതുകൊണ്ട് 71 കേന്ദ്രങ്ങളിലായി ഭൂമി തരം മാറ്റൽ നടപടികൾ വരുന്നതോടെ വളരെ ഗൗരവമായി, വേഗതയോടുകൂടി നടപടികൾ പൂർത്തീകരിക്കും.

മി. സ്പീക്കർ: 71 കേന്ദ്രങ്ങൾ എന്നുദ്ദേശിക്കുന്നത് എവിടെയാണ്?

ശ്രീ. കെ. രാജൻ: സർ, 78 താലൂക്കുകളിലായാണ് 71 കേന്ദ്രങ്ങൾ. സാധാരണനിലയിൽ ഒരു താലൂക്കിന് ഒരു ഉദ്യോഗസ്ഥൻ എന്ന രീതിയാണ്. എന്നാൽ കുറഞ്ഞ സംവിധാനങ്ങളുള്ള ചില ചെറിയ താലൂക്കുകളിൽ രണ്ട് താലൂക്കിന് ഒരു ഉദ്യോഗസ്ഥൻ എന്ന രീതിയിലും വരാറുണ്ട്. ആ നടപടിക്രമങ്ങൾ വളരെ വേഗതയിൽ നമുക്ക് നടപ്പിലാക്കാൻ സാധിക്കും. ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് പലയിടങ്ങളിലും സ്വകാര്യ ഏജൻസികൾ പലവിധത്തിലുള്ള പ്രചരണങ്ങൾ നടത്തി ആളുകളെ ബോധപൂർവ്വം കബളിപ്പിച്ച് ഈ രംഗത്ത് ഇടപെടാനുള്ള പരിശ്രമം നടത്തുന്നുണ്ട്. നിയമപരമായി നടക്കുന്ന

ഒരു സംവിധാനമല്ലാത്തതിനാൽ സർക്കാർമാത്രം വിചാരിച്ചാൽ അത് തടയാൻ സാധിക്കില്ല. ഇക്കാര്യത്തിൽ വേണ്ടവിധത്തിലുള്ള ഇ-നോളജ് ഇല്ലാത്ത ആളുകളെ മുതലെടുത്തുകൊണ്ട് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾപോലും അറിയാത്തവിധം അപേക്ഷകളും മറ്റും എഴുതിക്കൊടുക്കാൻ സഹായിക്കുന്ന രീതിയിൽ ഓൺലൈനായി നടപടിക്രമങ്ങൾ ചെയ്തുകൊടുക്കാമെന്ന വ്യാജേന അവരെ കബളിപ്പിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. അത് ഒരു കാരണവശാലും അംഗീകരിച്ചുകൊടുക്കാനാവില്ല. അക്കാര്യത്തിൽ ശക്തമായ ഇടപെടലുണ്ടാകും. പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ പിന്തുണകൂടി ആവശ്യമുണ്ടെന്ന് അഭ്യർത്ഥിക്കുകയാണ്. വില്ലേജിൽ നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ പ്രതിപാദിച്ചു. അതിൽ ഏറ്റവും പ്രധാനം, ഭരിക്കുന്ന രാഷ്ട്രീയ കക്ഷിയുടെ പിൻബലമുള്ളതുകൊണ്ട് പഞ്ചായത്തുകളിൽ അവരെ നിയന്ത്രിക്കാൻ ഒരു രാഷ്ട്രീയ കേന്ദ്രമുണ്ട്. റവന്യൂ വകുപ്പുകളിൽ അങ്ങനെയൊരു രാഷ്ട്രീയ കേന്ദ്രമില്ല. നിയന്ത്രിക്കാൻ ജനപ്രതിനിധികളുടെ സാന്നിധ്യവുമില്ല. അതുകൊണ്ടാണ് എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്കുശേഷം മൂന്നുമണിക്ക് കേരളത്തിലെ

എല്ലാ വില്ലേജ് ഓഫീസുകളിലും എം.എൽ.എ.-മാരുടെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെയും വില്ലേജുതല ജനകീയ സമിതികൾ രൂപീകരിക്കാൻ നിശ്ചയിച്ചത്. എല്ലാ വില്ലേജുകളിലും എം.എൽ.എ.-യുടെ ഒരു പ്രതിനിധിയെങ്കിലും ആ യോഗത്തിൽ പങ്കെടുക്കണമെന്ന് ഞാൻ നെഞ്ചിൽ കൈവച്ച് എം.എൽ.എ.-മാരോട് അഭ്യർത്ഥിക്കുകയാണ്. എത്ര യോഗങ്ങളിൽ നിങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടെന്ന് പരിശോധിക്കാനും അവിടെ ഉയർന്നുവരുന്ന ചർച്ചകൾ ഏതെങ്കിലും വിധത്തിൽ അറിയിക്കാനും കഴിഞ്ഞാൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാക്കാൻ ഒരു അവാർഡ് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലുള്ള കാര്യങ്ങൾ ആ ഘട്ടത്തിൽ ആലോചിക്കാൻ കഴിയുമെന്ന് കരുതുന്നു. ബഹുമാനപ്പെട്ട മലപ്പുറം അംഗം കുടിശ്ശികയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഇവിടെ ഉന്നയിച്ചു. 20/2017 നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് ഇത് നിശ്ചയിട്ടുള്ളത്. ആയതുപ്രകാരം തഹസീൽദാർക്ക് പരമാവധി പത്ത് ഗഡുക്കളും 25,000 രൂപ വരെയും ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപ സർക്കാർ കുടിശ്ശികയും രണ്ടുലക്ഷം വരെ സ്വകാര്യ

ബാങ്കുകളുടെ കുടിശ്ശികയും റവന്യൂ വകുപ്പുമന്ത്രിക്ക് 5 ലക്ഷം രൂപ വരെയും ധനകാര്യ വകുപ്പുമന്ത്രിക്ക് 5 ലക്ഷം മുതൽ 10 ലക്ഷം വരെയും അതിനുമുകളിൽ മുഖ്യമന്ത്രി, കാബിനറ്റ് എന്നിങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളത്. 1968-ലെ ചട്ടങ്ങളുടെ ഭാഗമായി ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ, അതിന്റെ ഭാഗമായിട്ടുള്ള ചട്ടങ്ങളിൽ നോട്ടിഫൈ ചെയ്യാൻ കഴിയുന്നവിധത്തിൽ നടപടിക്രമങ്ങൾ ആധികാരികമായി നമുക്ക് ഉറപ്പിക്കാൻ സാധിക്കും. ആ ഘട്ടത്തിൽ അതിൽ ഇടപെടുകയും ചെയ്യാം. മറ്റൊന്ന്, ശ്രീ. പി. വി. ശ്രീനിജൻ സൂചിപ്പിച്ചതുപോലെ 'ഗവൺമെന്റ്'-നെ ഡിഫൈൻ ചെയ്യുമ്പോൾ അക്കാര്യം കൃത്യതയോടുകൂടി ബോധ്യപ്പെടുത്തുന്നതാണ്. ഇവിടെ പ്രശ്നം, റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ സർക്കാരിന്റെയോ സ്വകാര്യമേഖലയുടെയോ മധ്യത്തിലുള്ള ഒരു ഉദ്യോഗസ്ഥനായി പ്രവർത്തിക്കുകയാണ്. താലൂക്ക് ലാൻഡ് ബോർഡുകളുടെ ചെയർമാൻമാർ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരാണെങ്കിലും അവർക്ക് പ്രത്യേകമായ നിയമപിന്തുണ ലഭ്യമാകുന്നുവെന്ന് പറയുന്നതുപോലെ സർക്കാർ കൊടുക്കാനുള്ള പണമാണെങ്കിലും അതുകൂടി പിരിച്ചെടുക്കാനുള്ള ഉത്തരവാദിത്വം റവന്യൂ

വകുപ്പിലെ ഉദ്യോഗസ്ഥനരുണ്ട് എന്നുള്ളതുകൊണ്ട് സർക്കാരും LARR Act-ലെ 71 വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് ഇത്തരമൊരു സൗകര്യമുണ്ടാക്കുന്നത് എന്നുകൂടി രേഖപ്പെടുത്തുകയാണ്. ബാക്കി കണക്കുകളുംമറ്റും പിന്നീട് പറയാം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആറാമത്തെ നിയമഭേദഗതിയാണ് അവതരിപ്പിക്കാൻ അവസരം ലഭിച്ചത്. നമ്മുടെ അംഗങ്ങൾക്കിടയിൽ തർക്കമില്ലാതെ എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്ന ഒരു പൊതുവായ ഭേദഗതിയായി ഇതിനെ മാറ്റിയെടുക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ഭൂപതിവ് നിയമത്തിലെ ഭേദഗതിയും മണൽ വാരലുമായി ബന്ധപ്പെട്ട ഭേദഗതിയും നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഭേദഗതിയും പത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട അമെനിറ്റിയുടെ മാറ്റത്തിനുവേണ്ടിയും KBT (Kerala Building Tax)-യുടെ വിവിധങ്ങളായ വിഷയങ്ങൾ സംബന്ധിച്ച ഭേദഗതികളും അവതരിപ്പിച്ചതുപോലെ ഈ കാലഘട്ടം ചർച്ച ചെയ്യേണ്ട ഏറ്റവും ഗൗരവതരമായ ബില്ലാണ് ഈ സഭയുടെ മുമ്പാകെ വയ്ക്കുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്വകാര്യ ബാങ്കുകളുൾപ്പെടെയുള്ള ബാങ്കുകളിൽനിന്നും കമ്പനികളിൽനിന്നും മറ്റ്

സ്ഥാപനങ്ങളിൽനിന്നും  വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവരുടെ ഭൂമിയും സ്ഥാപനങ്ങളും ഏകപക്ഷീയമായി പിടിച്ചുകൊടുക്കാൻ വ്യവസ്ഥയുള്ള സർഫാസി ആക്ട് പാസ്സാക്കിയ നാടാണ് ഇന്ത്യ.  കോടതി നിയമിക്കുന്ന ഒരു കമ്മീഷണറുടെ  സാന്നിധ്യത്തിൽ ഭൂമിയിൽ ഒരു ബോർഡ് വച്ചുകൊണ്ട് ഭൂമിയുടെ കൈവശം ഇത്തരം സ്ഥാപനങ്ങൾക്ക് ഗുണ്ടാപിരിവുപോലെ ഏറ്റെടുത്ത് നൽകാൻ അവസരം കൊടുക്കുകയും  കുടിശ്ശികക്കാരന് ഭൂമി തിരികെ ലഭിക്കാൻ യാതൊരു വ്യവസ്ഥകളുമില്ലാത്ത വിധത്തിൽ സൃഷ്ടിക്കുകയും ചെയ്ത ഒരു നിയമമാണ് നമ്മുടെ തലയ്ക്കുമീതെ നിൽക്കുന്നത്. ആ നിയമങ്ങളിൽനിന്ന് വ്യത്യസ്തമായി ആരാണോ കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യപ്പെടുന്നത് അവർക്ക് അത് പിരിച്ചുകൊടുക്കാൻ കഴിയുകയും എന്നാൽ ജീവിതത്തിന്റെ പ്രയാസങ്ങൾകൊണ്ടുമാത്രം കുടിശ്ശികക്കാരനായി നിൽക്കേണ്ടി വന്ന മനുഷ്യനെ തിരിച്ചറിഞ്ഞുകൊണ്ട് അവരെക്കൂടി സഹായിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ബില്ലാണ് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.  12-ൽനിന്ന് 9 ശതമാനത്തിലേക്ക് പലിശ കുറയ്ക്കുകയും 9 ശതമാനത്തിൽ താഴെയാണെങ്കിൽ ആ വിധത്തിൽ മാത്രമേ പണം ഒടുക്കാൻ പാടുള്ളുവെന്ന്

നിർദ്ദേശിക്കുകയും അറ്റാച്ച്മെന്റ് കഴിഞ്ഞ ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആകുന്നതിനുമുമ്പ് വിൽപ്പന നടത്താനുള്ള അവസരം കൊടുക്കുകയും ബോട്ട്-ഇൻ-ലാൻഡായി മാറിയാൽപ്പോലും അഞ്ചുവർഷത്തേയ്ക്ക് പ്രത്യേക പരിരക്ഷ കൊടുത്ത് അയാളെ സഹായിക്കുകയും ചെയ്യുന്ന വിധത്തിലുള്ള ഒരു ഭേദഗതിയാണ് സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ  ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള നികുതി വസൂലാക്കൽ ഭേദഗതി ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണയ്ക്ക് അയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.......ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.)

* * * * *